©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി
# (2021-2023)

## നാലാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 18 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി
# (2021-2023)

## നാലാമത് റിപ്പോർട്ട്

(2022 മാർച്ച് മാസം 18 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച്)**

274/2022.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | V |
| ആമുഖം | | .. | VII |
| റിപ്പോർട്ട് | | .. | 1 |
| സമിതിയുടെ ശിപാർശകൾ | | .. | 19 |
| അനുബന്ധം : | | | |
| I. | സ. ഉ. (കൈ.) നം. 185/2014/ആർ.ഡി., തീയതി, 9-5-2014 | .. | 24 |
| II. | സർക്കുലർ നം.107/ദേവ. 2/2017/റവന്യൂ, തീയതി, 20-5-2017 | .. | 27 |

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ഇ. കെ. വിജയൻ.

അംഗങ്ങൾ:

ശ്രീ. പി. കെ. ബഷീർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. കെ.ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# ആമുഖം

ജൈവവൈവിദ്ധ്യത്താൽ സമ്പന്നമായ നിത്യഹരിത വനങ്ങളുടെ ചെറുരൂപമാണ് 'വിശുദ്ധവനങ്ങൾ' അഥവാ കാവുകൾ. സസ്യ-ജന്തുജാലങ്ങൾക്ക് അനുയോജ്യമായ പരിസ്ഥിതിയോടുകൂടിയതും സ്വാഭാവിക ജല സ്രോതസ്സുകൾ ഉൾപ്പെടുന്നതുമായ ഈ വനശകലങ്ങൾ അപൂർവ്വവും ഔഷധ ഗുണമുള്ളതുമായ സസ്യലതാദികൾ, വളരെയധികം കാലപ്പഴക്കം ചെന്ന വൃക്ഷങ്ങൾ, ഉരഗങ്ങൾ, പക്ഷികൾ, സസ്തനികൾ, ഷഡ്പദങ്ങൾ വിവിധയിനം ഉഭയജീവികൾ എന്നിവയുടെ ആവാസകേന്ദ്രങ്ങൾ കൂടിയാണ്. കാർബൺ ശേഖരിച്ചുവെച്ച് അന്തരീക്ഷ താപനില നിയന്ത്രിക്കുന്നതിലും കാലാവസ്ഥാ വ്യതിയാനം, മണ്ണൊലിപ്പ് തുടങ്ങിയവ തടയുന്നതിലും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിലും ഇവ നിത്യഹരിത വനങ്ങളെപ്പോലെ പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഈ അർത്ഥത്തിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള ഒരു മികച്ച ഉപാധിയാണ് ജൈവവൈവിധ്യത്തിന്റെ കലവറയായ കാവുകൾ.

മതപരമായ വിശ്വാസ അനുഷ്ഠാനങ്ങളിലൂടെ കാലാകാലങ്ങളായി മനുഷ്യൻ സംരക്ഷിച്ചുപോന്ന കാവുകളിൽ പലതും ഇന്ന് നാശോന്മുഖമാകുകയും കാവുകളുടെ എണ്ണവും വിസ്തൃതിയും ദൈനംദിനം കുറഞ്ഞുവരികയുമാണ്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രകൃതിദുരന്തങ്ങൾ സംസ്ഥാനം തുടർച്ചയായി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ സംസ്ഥാനത്ത് അവശേഷിക്കുന്ന കാവുകളുടെ പരിപാലനവും സംരക്ഷണവും മാതൃകാപരമായി നടപ്പിലാക്കേണ്ടതുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി കാവുകളുടെ 'സംരക്ഷണവും പരിപാലനവും' സംബന്ധിച്ച് സ്വതന്ത്രപഠനം നടത്താൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണവും പരിപാലനവും എന്ന വിഷയം സംബന്ധിച്ച് പൊതുസമൂഹത്തിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനായി പത്രക്കുറിപ്പ് നൽകിയിരുന്നു. അതുപ്രകാരം സമിതിയ്ക്ക് ലഭ്യമായ പൊതുജനാഭിപ്രായവും ചോദ്യാവലിയിന്മേൽ വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ മറുപടിയും സമിതി 16-9-2021-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും വിഷയത്തിന്മേൽ കൂടുതൽ പഠനം നടത്തി ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 10-12-2021-ന് തിരുവനന്തപുരത്ത് സമിതി യോഗം ചേർന്ന് തദ്ദേശസ്വയംഭരണം, റവന്യൂ, പരിസ്ഥിതി, വനം-വന്യജീവി എന്നീ വകുപ്പുകളിൽ നിന്നും വിവരശേഖരണം നടത്തി. കാവുകളെ സംബന്ധിച്ച വിഷയങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി സമിതി 15-12-2021-ന് കണ്ണൂർ ജില്ലയിലെ ധർമ്മടം ആണ്ടല്ലൂർ കാവ്,

തെയ്യോട്ട് കാവ്, വെരീക്കരക്കാവ്, വയക്കര വനശാസ്താകാവ് എന്നിവ സന്ദർശിക്കുകയും ജില്ലാതല ഉദ്യോഗസ്ഥരിൽനിന്നും വിവരങ്ങൾ ആരായുകയുമുണ്ടായി. തുടർന്ന് സമിതി 31-1-2022-ൽ തിരുവനന്തപുരത്ത്, ബന്ധപ്പെട്ട പ്രധാനവകുപ്പുകളുമായി അവലോകന യോഗം ചേർന്ന് അഭിപ്രായങ്ങൾ സ്വരൂപിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2022 മാർച്ച് മാസം 16-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2022, മാർച്ച് 16.

**ഇ. കെ. വിജയൻ,**
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി.*

# റിപ്പോർട്ട്

കാവുകളുടെ സവിശേഷതകൾ കണക്കിലെടുക്കുമ്പോൾ നിത്യഹരിത വനങ്ങളുടെ അവശേഷിപ്പുകളും 'ആചാരപരമായ ആവശ്യങ്ങൾക്കായി ക്ഷേത്രങ്ങളുടെ അടുത്തോ അല്ലാതെയോ മരങ്ങളും മറ്റ് സസ്യലതാദികളും വന്യജീവികളും ഉൾപ്പെടെയുള്ള ജീവജാലങ്ങളെ ജനസമൂഹമോ ആരാധനാലയങ്ങളോ സംരക്ഷിച്ചുപോരുന്ന നിത്യഹരിത വനങ്ങളുടെ ചെറുരൂപങ്ങളുമാണ് കാവുകൾ എന്ന് കാണാവുന്നതാണ്. കൂടാതെ വൻമരങ്ങൾ, അതിൽ ചുറ്റിപ്പടർന്ന് കിടക്കുന്ന വള്ളികളും പടർപ്പുകളും, ഒപ്പം നിൽക്കുന്ന ചെറുമരങ്ങൾ, ഔഷധികൾ, ചെറുജീവികൾ, പക്ഷികൾ, സൂക്ഷ്മ ജീവികൾ ഇവയൊക്കെ ചേർന്ന അതിസമ്പന്നമായ ജൈവവൈവിദ്ധ്യയിടമായും വിവിധയിനം പക്ഷികൾ, സസ്തനികൾ, ചിത്രശലഭങ്ങൾ, സൂക്ഷ്മാണുക്കൾ തുടങ്ങി സൂക്ഷ്മ-സ്ഥൂല ജന്തു-സസ്യലതാദികളുടെ ആവാസ സ്ഥലങ്ങളായും കാവുകളെ പരിഗണിക്കാം. പ്രകൃതിയെ ആരാധിച്ചിരുന്ന മനുഷ്യൻ, കാടിന്റെ മനുഷ്യവാസയിടങ്ങളിലെ ചെറു രൂപങ്ങളായ കാവുകളെ ആചാരപരമായ വിശ്വാസങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും സംരക്ഷിച്ചു വന്നിരുന്നു. ഒരു ചെറുവനത്തിന്റെ പരിസ്ഥിതിപരമായ എല്ലാ സവിശേഷതകളും കാവുകൾക്കുള്ളതിനാൽ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കാവുകളെ സ്വസ്ഥാന സംരക്ഷണമായി (in-situ Conservation) കരുതാവുന്നതാണ്.

"സമ്പന്നമായ ജൈവവൈവിദ്ധ്യം നിറഞ്ഞ ചെറുവനങ്ങളാണ് കാവുകൾ" എന്നും സസ്യ-ജന്തുജാലങ്ങൾക്ക് അനുയോജ്യമായ പരിസ്ഥിതിയോടു കൂടിയതും സ്വാഭാവിക ജലസ്രോതസ്സുകൾ എന്നിവയും ഉൾപ്പെടുന്നതാണ് കാവുകളെന്നുമാണ് മറ്റൊരു നിർവ്വചനം. 0.5 മുതൽ 500 ഹെക്ടർ വരെ വലിപ്പമുള്ള വനശകലങ്ങളെ കാവുകളായി പരിഗണിക്കാവുന്നതും മതസമൂഹങ്ങളാൽ സംരക്ഷിക്കപ്പെടുന്ന അപൂർവ്വയിനം മരങ്ങളും ഔഷധ സസ്യങ്ങളും വള്ളിച്ചെടികളും കുറ്റിച്ചെടികളും വളരെയധികം കാലപ്പഴക്കം ചെന്ന മരങ്ങളും ഇഴജന്തുക്കളും പക്ഷികളും കാവുകളിൽ കണ്ടുവരുന്നുണ്ട്. ഇവ കൂടാതെ വിവിധയിനം ജലജീവികളും കാവുകളോട് ബന്ധപ്പെട്ട ജലസ്രോതസ്സുകളിൽ കാണപ്പെടുന്നു.

പരിസ്ഥിതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ജൈവവൈവിദ്ധ്യബോർഡ് സംസ്ഥാനത്തെ 7058 കാവുകളുടെ പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാന വനം-വന്യജീവി വകുപ്പ് കാവുകളുടെ സംരക്ഷണം റിസർച്ച് പ്രോജക്ടായി ഏറ്റെടുത്ത് വിവരശേഖരണം നടത്തിവരുന്നു. വനം വകുപ്പിൽ നിന്നു വിരമിച്ച ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന 'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ്' എന്ന സർക്കാരേതര സ്ഥാപനം വകുപ്പിനായി നടത്തുന്ന വിവരശേഖരണം 8 ജില്ലകളിൽ പൂർത്തിയാക്കിയതായും ആയത് റിപ്പോർട്ട് രൂപത്തിൽ ജില്ല തിരിച്ച് 8 പുസ്തകങ്ങളായി തയ്യാറാക്കിയതായും ഗവേഷണവുമായി ബന്ധപ്പെട്ട ഈ പുസ്തകങ്ങളിൽ കാവുകളുടെ ജി.പി.എസ്. റീഡിംഗ്, സ്ഥലവിസ്തൃതി,

ഓരോ കാവിന്റെയും ശാസ്ത്രീയ-സാംസ്കാരിക പ്രാധാന്യം, ജൈവവൈവിദ്ധ്യം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്നുവെന്നും ബാക്കിയുള്ള 6 ജില്ലകളിലെ വിവരശേഖരണവും പഠനവും നടന്നുവരികയാണെന്നും പഠനം പൂർത്തിയായ എട്ട് ജില്ലകളിൽ മാത്രം 7840 കാവുകൾ കണ്ടെത്തിയിട്ടുണ്ടെന്നും വനം വന്യജീവി വകുപ്പ് സമിതിയെ അറിയിച്ചിട്ടുണ്ട്. വനം-വന്യജീവി വകുപ്പ് നടത്തിവരുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ പതിനായിരത്തിലേറെ കാവുകൾ ഉണ്ടാകാമെന്ന് സമിതി അനുമാനിക്കുന്നു.

കേരളത്തിലെ ഭൂരിഭാഗം കാവുകളും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ഭാഗമായി ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടും സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ളവയുമാണ്. കാവുകൾ നിലനിൽക്കുന്ന പ്രദേശങ്ങളിലെ അനിയന്ത്രിതമായ മരംമുറി, ഇതര സസ്യങ്ങളുടെ കടന്നുകയറ്റം, കൈയ്യേറ്റവും വിവേചനരഹിതമായ നിർമ്മാണ പ്രവൃത്തികളും കാവുകളുടെ പാരിസ്ഥിതികമൂല്യത്തെ നാശത്തിലേക്ക് നയിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഈ സാഹചര്യത്തിൽ കാവുകളെ സംരക്ഷിച്ച് പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ആക്കം കൂട്ടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള ജൈവവൈവിദ്ധ്യ ഹോട്ട്സ്പോട്ടുകൾ കൂടിയായ കാവുകളുടെയും അനുബന്ധ കുളങ്ങളുടെയും കാവുകളിൽ കാണപ്പെടുന്ന സ്വാഭാവിക ജലസ്രോതസ്സുകളുടെയും സസ്യജന്തുജാല ജൈവവൈവിദ്ധ്യങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാരിന് ഏറിയ പങ്ക് വഹിക്കാനുണ്ട്. സംസ്ഥാനത്തിന്റെ തനത് കാലാവസ്ഥ സംരക്ഷിച്ച് നിലനിർത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ തടയുന്നതിനും ഉരഗങ്ങൾ ഉൾപ്പെടെയുള്ള അപൂർവ്വ ജന്തുജാലങ്ങളുടെയും സസ്യവൈവിദ്ധ്യങ്ങളുടെയും സങ്കേതങ്ങളായ കാവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി 14-7-2021-ലെ യോഗത്തിൽ 'കാവുകളുടെ സംരക്ഷണവും പരിപാലനവും' പഠനവിധേയമാക്കാൻ തീരുമാനിച്ചത്.

ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിലൂന്നിയാണ് സമിതി ഈ റിപ്പോർട്ടിനാസ്പദമായ വിവരശേഖരണവും തെളിവെടുപ്പും നടത്തിയിട്ടുള്ളതും അവയുടെ അടിസ്ഥാനത്തിൽ കണ്ടെത്തലുകളിലേയ്ക്കും നിഗമനങ്ങളിലേക്കും ശിപാർശകളിലേയ്ക്കും എത്തിച്ചേർന്നിട്ടുള്ളതും.

## കാവുകളുടെ സംരക്ഷണം-കേന്ദ്ര/സംസ്ഥാന നിയമങ്ങളും ചട്ടങ്ങളും

ജൈവവൈവിദ്ധ്യ സംരക്ഷണം, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, ആയവയുടെ ഉപയോഗത്തിൽ നിന്ന് ലഭിക്കുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവയ്ക്കൽ തുടങ്ങിയ ജൈവവൈവിദ്ധ്യ നിയമത്തിന്റെ (Biodiversity Act, 2002) മുഖ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ഭാരതത്തിൽ ത്രിതല സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ദേശീയതലത്തിൽ ദേശീയ ജൈവവൈവിദ്ധ്യ അതോറിറ്റി (National

Biodiversity Authority-NBA) സംസ്ഥാന തലത്തിൽ സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡുകൾ,(State Bio diversity Boards), പ്രാദേശികതലത്തിൽ ജൈവവൈവിദ്ധ്യ പരിപാലന സമിതികൾ (Biodiversity Management Committees-BMCs) എന്നിവയാണവ. ജൈവവൈവിദ്ധ്യ പരിപാലനവും സംരക്ഷണവും പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുന്ന BMC കളെ അവയുടെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രത്യേക അധികാരം നൽകിക്കൊണ്ട് പരിസ്ഥിതി കാവൽ സംഘങ്ങൾ (Environmental Watch Groups) ആയി 13-5-2013-ലെ പരിസ്ഥിതി വകുപ്പിന്റെ സ. ഉ. (അച്ചടി) നമ്പർ 04/2013/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു പ്രദേശത്തെ കാവുകളുൾപ്പെടെയുള്ള ജൈവവൈവിദ്ധ്യ മേഖലകളുടെ സംരക്ഷണം ഉറപ്പാക്കാനായി അതാത് BMC-കൾക്ക് ഇടപെടാവുന്നതും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്. എന്നാൽ ഇതിനായി സംസ്ഥാന സർക്കാരിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് കാവുകളെ ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം ചെയ്യേണ്ടതുണ്ടെന്നും തുടർന്ന് നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഇത്തരം പ്രദേശങ്ങളെ ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതിന് ജൈവവൈവിദ്ധ്യ ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്യേണ്ടതുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു.

സംസ്ഥാനത്തെ മിക്ക കാവുകളും സ്വകാര്യ വ്യക്തികളുടെയോ ട്രസ്റ്റുകളുടെയോ ഉടമസ്ഥതയിലായതിനാൽ ഉടമസ്ഥരുടെ സമ്മതത്തോടെ മാത്രമേ ഇവയെ ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കാനാവുകയുള്ളുവെന്നും സർക്കാർ ഉടമസ്ഥതയിലുള്ള കാവുകൾ ഒരു പരിധി വരെ ജൈവവൈവിദ്ധ്യ നിയമപ്രകാരം സംരക്ഷിക്കാനാവുമെന്നും സമിതി വിലയിരുത്തുന്നു. കാവുകൾ കൂടുതലായി കണ്ടുവരുന്നത് ഗ്രാമങ്ങളിലും മറ്റു ജനവാസ കേന്ദ്രങ്ങളിലുമാണെന്ന് കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ചില കാവുകൾ സന്ദർശിച്ചതിൽ നിന്നും സമിതിക്ക് ബോധ്യമായിട്ടുണ്ട്. പല കാവുകളുടെയും ഉടമസ്ഥതയിൽ തർക്കം നിലനിൽക്കുന്നതായും ആയത് കാവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാകുന്നതായും സമിതി മനസ്സിലാക്കുന്നു.

ഈ സാഹചര്യത്തിൽ ജൈവവൈവിദ്ധ്യ നിയമപ്രകാരമോ കാവുകളെ വനമായി പ്രഖ്യാപിക്കാതെ വനം-വന്യജീവി നിയമ പ്രകാരമോ കാവുകളെ സംരക്ഷിക്കുന്നത് അപ്രായോഗികമാണെന്നും നിലവിലുള്ള കാവുകൾ സംരക്ഷിക്കപ്പെടുന്നതിനും കാവുകളിലെ കൈയ്യേറ്റം തടഞ്ഞ് ആയവ പരിവർത്തനം ചെയ്യപ്പെടാതിരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും ഇതിനായി കാവുകൾ വനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ലെന്ന് പ്രത്യേകം പരാമർശിക്കുന്നതും കാവുകൾ പരിവർത്തനം ചെയ്യപ്പെടാതിരിക്കാൻ പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതുമായ നിയമനിർമ്മാണം നടത്തേണ്ടത് അത്യാവശ്യമാണെന്നും

സമിതി നിരീക്ഷിക്കുന്നു. കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി പ്രത്യേക നിയമ സംവിധാനമുണ്ടാകേണ്ടത് അനിവാര്യമാണ്. കാവ് സംരക്ഷണത്തിന് നിയമപരമായ സാധുത കൈവരുന്നതു വഴി അവ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനാകുമെന്നും അതിന് തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ ഉചിതമായ നിയമനടപടി കൈക്കൊള്ളാനാകുമെന്നും സമിതി കരുതുന്നു.

**കാവുകളുടെ ഉടമസ്ഥത**

കാവുകളെയും കാവുകൾക്ക് സമാനമായ സവിശേഷതകളുള്ളതും എന്നാൽ കാവുകളല്ലാത്തതുമായ പ്രദേശങ്ങളെയും പൈതൃക കേന്ദ്രങ്ങളായി പ്രഖ്യാപിക്കുമ്പോൾ ആയവയുടെ ഉടമസ്ഥാവകാശത്തെച്ചൊല്ലി തർക്കങ്ങളും കോടതി വ്യവഹാരങ്ങളും ഉണ്ടാകുമെന്നത് സ്വാഭാവികമാണ്. ഇതിന് പ്രധാന കാരണം പല കാവുകളും കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്ന കാലം മുതൽ പ്രത്യേക ജാതി/മത സമൂഹങ്ങളിൽപ്പെട്ടവരുൾപ്പെടുന്ന വിവിധ താറവാടുകളുടെയും അനുബന്ധിച്ചുള്ള ഇടത്തറവാടുകളുടെയും സ്വകാര്യവ്യക്തികളുടെയും ട്രസ്റ്റുകളുടെയും മറ്റും ഉടമസ്ഥതയിൽപ്പെട്ടതാണെന്നതാണ്. മാത്രമല്ല ഐതീഹ്യപരമായും പാരമ്പര്യപരമായ വിശ്വാസങ്ങളാലും പലയിടങ്ങളിലും കാവുകൾ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. എന്നാൽ ദേവസ്വം ബോർഡുകൾക്ക് കീഴിൽ വരുന്ന കാവുകളുടെ ഉടമസ്ഥത സംബന്ധിച്ച് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറവാണ് എന്ന് സമിതി അനുമാനിക്കുന്നു. ഉദാഹരണത്തിന് സമിതി കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട കാവുകൾ സന്ദർശിച്ച വേളയിൽ കാണാനിടയായ തലശ്ശേരി താലൂക്കിലെ ധർമ്മടം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ആണ്ടല്ലൂർ കാവ് മലബാർ ദേവസ്വം ബോർഡിന്റെ ഭരണത്തിൻ കീഴിൽ വരുന്ന ക്ഷേത്രത്തോടനുബന്ധിച്ചതാണ്. ക്ഷേത്രത്തിന്റെയും അനുബന്ധ കാവുകളുടെയും മേൽനോട്ടം വഹിക്കുന്നത് ബോർഡ് നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പാരമ്പര്യ ട്രസ്റ്റിമാരുൾപ്പെടുന്ന ട്രസ്റ്റി ബോർഡ് ആണ്. എന്നാൽ പ്രസ്തുത കാവു പോലും കൈയ്യേറപ്പെടുന്നുവെന്നും കാവിന്റെ അതിർത്തികൾ കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്നും ആണ്ടല്ലൂർ കാവുകൾ (മേലേക്കാവും താഴേക്കാവും) പണ്ടുകാലങ്ങളിൽ വൃക്ഷനിബിഡമായിരുന്നെങ്കിലും മണ്ണൊലിപ്പുമൂലം ധാരാളം മരങ്ങൾ നശിച്ചുപോയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു.

സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കാവുകളുടെ അവസ്ഥയും മറ്റൊന്നല്ല. കാവുകൾ വിശ്വാസത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും അടിസ്ഥാനത്തിൽ പരിപാലിക്കപ്പെടുന്നവയായതിനാൽ കാവുകളുടെ ഉടമസ്ഥതയ്ക്ക് കൃത്യമായ രേഖകളുണ്ടാകണമെന്നും ഉടമസ്ഥത നിർണ്ണയിക്കുന്നതിന് വ്യക്തമായ ചട്ടങ്ങളുണ്ടാകേണ്ടത് അനിവാര്യമാണെന്നും സമിതി മനസ്സിലാക്കുന്നു. കാവുകളുടെ ഉടമസ്ഥതയിലുള്ള സങ്കീർണ്ണത ഒഴിവാക്കി ആയവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ കൂടി നടത്തുന്നതിനുതകുന്ന ഒരു ചട്ടക്കൂട് രൂപീകരിക്കുന്നതിന് വനം-വന്യജീവി, പരിസ്ഥിതി വകുപ്പുകൾക്കൊപ്പം റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾകൂടി പങ്ക് വഹിക്കണമെന്നാണ് സമിതിയുടെ അഭിപ്രായം.

## കാവുകളുടെ കണക്കെടുപ്പും വിവരശേഖരണവും

കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി നിയമനിർമ്മാണത്തിലേക്ക് കടക്കുന്നതിന് മുമ്പായി സംസ്ഥാനത്താകെയുള്ള കാവുകളുടെ എണ്ണം, വിസ്തൃതി, അവയിലെ ജൈവവൈവിദ്ധ്യം എന്നിവ സംബന്ധിച്ച് ജില്ലയും തദ്ദേശസ്വയംഭരണ സ്ഥാപനവും തിരിച്ചുള്ള വ്യക്തമായ കണക്കെടുപ്പും വിവരശേഖരണവും നടത്തേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല കാലാകാലങ്ങളിൽ പ്രസ്തുത സ്ഥിതിവിവര കണക്കുകൾ പരിഷ്കരിക്കേണ്ടതുമുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. സമിതി മുമ്പ് നൽകിയ നിർദ്ദേശം അനുസരിച്ച് കാവുകളുടെയും അനുബന്ധകുളങ്ങളുടെയും ജൈവവൈ വിദ്ധ്യം തിട്ടപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ജൈവവൈവിദ്ധ്യ ബോർഡ് മുഖേന പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയതായും പരിസ്ഥിതി വകുപ്പ് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം കാവുകൾ കൂടുതലായും കണ്ടുവരുന്നത് താഴ്ന്ന പ്രദേശങ്ങളിലാണെന്നും ഉയർന്ന പ്രദേശങ്ങളായ ഇടുക്കി, വയനാട് മേഖലകളിൽ വളരെ കുറച്ച് കാവുകളേ ഉള്ളൂവെന്നും കേരളത്തിൽ തീരപ്രദേശം കൂടുതലായുള്ള ആലപ്പുഴ ജില്ലയാണ് കാവുകളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നതെന്നും തീരപ്രദേശമുള്ള ജില്ലയായ എറണാകുളത്താണ് സംസ്ഥാനത്തെ ഏറ്റവും വലിയ കാവായ 'ഇരിങ്ങോൾക്കാവ്' സ്ഥിതി ചെയ്യുന്നതെന്നും മണ്ണാറശാല, കലശമല, തേവോട്ടുകാവ്, കാരക്കക്കാവ് തുടങ്ങിയവയാണ് മറ്റു പ്രധാന കാവുകളെന്നും പ്രതിപാദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പഠനത്തിന് പുറമെ ലോക ബാങ്കിന്റെ ധനസഹായത്തോടെ പരിസ്ഥിതി മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ സെന്റർ ഫോർ സസ്റ്റയിനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ എൻഹാൻസിംഗ് കോസ്റ്റൽ ആൻഡ് ഓഷ്യൻ റിസോഴ്സ് എഫിഷ്യൻസി (ENCORE) എന്ന പദ്ധതിയിൽ തീരദേശ കാവുകളുടെ സംരക്ഷണത്തിനായി ഒരു കർമ്മ പദ്ധതി, സമയരേഖ, ഉത്തരവാദിത്തപ്പെട്ട ഏജൻസികൾ, ഫണ്ടുകളുടെ സ്രോതസ്സുകൾ തുടങ്ങിയവ സഹിതം വിശദമായ മറ്റൊരു പ്രോജക്ട് റിപ്പോർട്ട് മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ പിന്തുണയോടെ തയ്യാറാക്കിയിട്ടുണ്ടെന്നും ജൈവവൈവിദ്ധ്യ ബോർഡ് അറിയിച്ചിരുന്നു. ഇതിൽ കേരളത്തിലെ 113 തീരദേശ പഞ്ചായത്തുകളിലെ കാവുകളുടെ വിശദ വിവരങ്ങൾ അടങ്ങിയിട്ടുണ്ടെന്നും സംസ്ഥാനത്തെ വിവിധ തീരദേശ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന 745 കാവുകൾ പഠനകാലത്ത് കണ്ടെത്താനായതായും ഇതിൻപ്രകാരം ഏറ്റവും കൂടുതൽ കാവുകൾ ഉള്ളത് ആലപ്പുഴയിലും (214 എണ്ണം) കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലുമാണ് എന്നും ഏറ്റവും കുറവ് കാവുകളുള്ളത് എറണാകുളത്താണ് എന്നും (3 എണ്ണം) പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈ പഠനത്തിലൂടെ മേൽപ്പറഞ്ഞ തീരദേശ കാവുകളിലെ 92 ഇനം വൃക്ഷങ്ങൾ, 144 ഇനം കുറ്റിച്ചെടികൾ, ഔഷധസസ്യങ്ങൾ എന്നിവയെ കണ്ടെത്തിയിട്ടുണ്ടെന്നും 49 കുടുംബങ്ങളിലും 16 ഓർഡറുകളിലുമായി ആകെ 111 പക്ഷിയിനങ്ങളെ തിരിച്ചറിഞ്ഞിട്ടുള്ളതായും പരിസ്ഥിതി വകുപ്പ് അറിയിച്ചിരിക്കുന്നു.

'ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഫോറസ്റ്റേഴ്സ്" എന്ന സർക്കാരേതര സ്ഥാപനം മുഖേന വനം വകുപ്പിന്റെ പ്ലാനിംഗ് ആൻഡ് ഡെവലപ്പ്മെന്റ് വിഭാഗം നടത്തി വരുന്ന പഠനത്തിൽ എറണാകുളം, ഇടുക്കി, പാലക്കാട്, പത്തനംതിട്ട, മലപ്പുറം, വയനാട് എന്നിവ ഒഴികെയുള്ള ജില്ലകളിലെ കാവുകളുടെ എണ്ണം, ഓരോ ജില്ലകളിലേയും മൊത്തം കാവുകളുടെ വിസ്തൃതി, അവയിൽ ദേവസ്വം ബോർഡ്, പബ്ലിക് ട്രസ്റ്റ്, സമിതികൾ, സർക്കാർ, സ്വകാര്യ കാവുകൾ എന്നിങ്ങനെ ഭരണസ്ഥാപനം/ഉടമസ്ഥത തിരിച്ചുള്ള എണ്ണം തുടങ്ങിയ വിവരങ്ങൾ അടങ്ങിയ പട്ടിക വനം വന്യജീവി വകുപ്പ് നൽകിയിട്ടുണ്ട്. വനം വന്യജീവി വകുപ്പ് നൽകിയ കാവുകളുടെ പട്ടികയിൽ പഠനം പൂർത്തിയാക്കിയ എട്ട് ജില്ലകളിൽ മാത്രം 7840 കാവുകൾ കണ്ടെത്തിയിട്ടുള്ളതിനാൽ മറ്റ് ആറ് ജില്ലകളിലെ പഠനം കൂടി പൂർത്തിയാകുമ്പോൾ സംസ്ഥാനത്താകമാനം പതിനായിരത്തിലേറെ കാവുകൾ കണ്ടെത്താനായേക്കും. എന്നാൽ പരിസ്ഥിതി വകുപ്പ് സംസ്ഥാനത്താകമാനം 7058 കാവുകളാണ് കണ്ടെത്തിയിട്ടുള്ളത്. റവന്യൂ (ദേവസ്വം) വകുപ്പിന് ലഭ്യമായിട്ടുള്ളത് ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളുടെ കണക്ക് മാത്രമാണ്.

കാവുകളുടെ സംരക്ഷണത്തിനുവേണ്ടി നിയമനിർമ്മാണത്തിലേക്ക് കടക്കണമെങ്കിൽ കാവുകളുടെ എണ്ണം, മറ്റു വിവരങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത കൈവരേണ്ടതുണ്ട്. എന്നാൽ നിലവിൽ കാവുകളുടെ എണ്ണം സംബന്ധിച്ച് വകുപ്പുകൾക്കിടയിൽ വ്യത്യസ്ത അഭിപ്രായം നിലനിൽക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വനം, റവന്യൂ, പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ വിവരങ്ങൾ പരസ്പരം പങ്ക് വച്ച് റിപ്പോർട്ട് തയ്യാറാക്കണമെന്നും തുടർന്ന് അവ പരിശോധിച്ച് കാവുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തണമെന്നും സമിതി നിരീക്ഷിക്കുന്നു.

## കാവുകളിലെ പാരിസ്ഥിക പ്രശ്നങ്ങൾ, സംരക്ഷണ പ്രവർത്തനങ്ങളും പദ്ധതികളും ധനലഭ്യതയും

I. കാവുകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ

പുരാതന വിശ്വാസങ്ങളാലും നാടോടിക്കഥകളാലും ആചാരാനുഷ്ഠാനങ്ങളാലും കെട്ടുപിണഞ്ഞു കിടക്കുന്ന കാവുകളെ കൂടുതൽ അടുത്തറിയുന്നതിനായും അവയുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായും സമിതി കണ്ണൂർ ജില്ലയിലെ 'ആണ്ടല്ലൂർ കാവ് ' , 'വയക്കര ശ്രീ ദൈവത്താർ വനശാസ്താകാവ്', 'ആലപ്പടമ്പ് ദേവിയോട്ട് കാവ് ' (തെയ്യോട്ട്കാവ്),' 'വെരീക്കര ഭഗവതിക്കാവ്' എന്നിവിടങ്ങൾ സന്ദർശിച്ചിരുന്നു.

കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് കണ്ണൂർ സന്ദർശനവേളയിലും അല്ലാതെയും സമിതിക്ക് വിഷയവുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിരുന്നു. ഇവകൂടാതെ പ്രസ്തുത വിഷയം പഠനവിധേയമാക്കുന്നതുമായി ബന്ധപ്പെട്ട് സമിതി

പൊതുജനാഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുകയുമുണ്ടായി. വനപ്രദേശം പോലെതന്നെ പ്രാധാന്യം നൽകി കാവുകളെയും സംരക്ഷിക്കണമെന്നും, കാവുകളിലെ മരങ്ങളെ നശിപ്പിക്കുന്ന ഇഞ്ചപ്പടപ്പുകൾ തുടങ്ങിയവയെ നീക്കം ചെയ്യുകയോ നിയന്ത്രിക്കുകയോ ചെയ്യേണ്ടതാണെന്നും കാവുകളുടെ അതിർത്തി തിട്ടപ്പെടുത്തി ചുറ്റുമതിലോ വേലിയോ സ്ഥാപിച്ച് കയ്യേറ്റങ്ങളും മണ്ണൊലിപ്പും തടയണമെന്നും കാവുകളിലെ സ്വാഭാവിക ജലസ്രോതസ്സുകളെ സംരക്ഷിക്കണമെന്നും ഇത്തരം പ്രവർത്തനങ്ങൾക്ക് ധനപരവും സാങ്കേതികവുമായ സഹായങ്ങൾ സർക്കാർ നൽകണമെന്നും തുടങ്ങിയവയായിരുന്നു നിവേദനങ്ങളിലെ പ്രധാന ആവശ്യങ്ങൾ. ഇതിനുപുറമേ കാവ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഗവേഷണ-വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തണമെന്നും കാവുകളുടെ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും സംരക്ഷണ പ്രവർത്തനങ്ങളിൽ സർക്കാരിന്റെയും കാവുകളുടെ ഉടമസ്ഥരുടെയും ചുമതലകൾ വ്യക്തമാക്കണമെന്നും വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ റീ-സർവ്വേമൂലം കാവുകൾക്ക് ഭൂനഷ്ടം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നും സാമൂഹ്യവനവത്ക്കരണ പദ്ധതികൾ ഉപയോഗപ്പെടുത്തി വിദഗ്ദ്ധരുടെ ആഭിമുഖ്യത്തിൽ കാവുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തണമെന്നും കാവുകളുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം ആവശ്യമാണെന്നും തുടങ്ങിയ പൊതുജന അഭിപ്രായങ്ങളും സമിതിക്ക് ലഭിച്ചിരുന്നു.

ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ സന്ദർശിച്ച കാവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(a) ആണ്ടല്ലൂർ കാവ് :-

തലശ്ശേരി താലൂക്കിലെ ധർമ്മടം വില്ലേജിൽ സ്ഥിതിചെയ്യുന്ന ആണ്ടല്ലൂർ ക്ഷേത്രത്തോടനുബന്ധിച്ച് മേലേക്കാവ്, താഴേക്കാവ് എന്നിങ്ങനെ രണ്ട് കാവുകളാണ് സ്ഥിതിചെയ്യുന്നത്. അപൂർവ്വ മരങ്ങളുടെ ഒരു ശേഖരമായ ഈ കാവിൽ ബുദ്ധഭിക്ഷുക്കൾ ബുദ്ധമത പ്രചാരണാർത്ഥം കാവിനുപുറത്ത് കൊണ്ടു നട്ടതായി പറയപ്പെടുന്ന ചില മരങ്ങൾ ജപ്പാൻ, കൊറിയ എന്നിവിടങ്ങളിൽ മാത്രം കണ്ടുവരുന്നതാണെന്ന് ക്ഷേത്ര ട്രസ്റ്റ് ഭാരവാഹികൾ സമിതിയെ അറിയിച്ചിരുന്നു. ആണ്ടല്ലൂർ കാവുകൾ വൃക്ഷനിബിഡ മായിരുന്നെങ്കിലും നിലവിൽ ഇവിടത്തെ മരങ്ങളിൽ പലതും മണ്ണൊലിപ്പും ഇത്തിൾക്കണ്ണികളുടെ പടർന്നുകയറ്റവുംമൂലം കടപുഴകി വീണതായും കാവിന്റെ അതിർത്തികൾ കൃത്യമായി തിട്ടപ്പെടുത്തി വേലികെട്ടിത്തിരിക്കാത്തതുമൂലം കൈയ്യേറ്റങ്ങൾ ഉണ്ടാകുന്നതായും സമിതിക്ക് നേരിട്ട് മനസിലാക്കാൻ കഴിഞ്ഞു.

(b) <u>വയക്കര ശ്രീ ദൈവത്താർ വനശാസ്താ കാവ് :-</u>

തളിപ്പറമ്പ് താലൂക്കിലെ ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട വയക്കര ദേശത്ത് സ്ഥിതിചെയ്യുന്ന വനശാസ്താക്കാവിന് 6.8 ഏക്കർ വിസ്തൃതിയുണ്ട്. ഈ കാവിന്റെ ധാരാളം സ്ഥലം അന്യാധീനപ്പെട്ടുപോയതായി കാവിനോടനുബന്ധിച്ചുള്ള ക്ഷേത്ര കമ്മിറ്റിക്കാരിൽ നിന്നും സമിതിക്ക് നേരിട്ട് ബോധ്യമായിട്ടുണ്ട്. സന്ദർശനവേളയിൽ കാവ് നിലനിൽക്കുന്ന പ്രദേശത്തെ നിവാസികളിൽ നിന്നും കാവ് സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങളും സമിതിക്ക് ലഭിച്ചു. ആയതിനാൽ അവശേഷിക്കുന്ന കാവിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടത് സമൂഹത്തിന്റെ ബാദ്ധ്യതയാണെന്നും ആയതിന് സഹായകരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത് സർക്കാരിന്റെ കടമയും ഉത്തരവാദിത്തവുമാണെന്നും സമിതി നിരീക്ഷിക്കുന്നു.

(c) <u>ആലപ്പടമ്പ് ദേവിയോട്ട് കാവ് (തെയ്യോട്ട് കാവ്) :-</u>

പയ്യന്നൂർ താലൂക്കിലെ ആലപ്പടമ്പ് വില്ലേജിലെ കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പടമ്പ് ദേവിയോട്ട് കാവ് അഥവാ തെയ്യോട്ട് കാവ് 77 ഏക്കറോളം വിസ്തൃതിയിൽ വലിയ വനഭൂമിയായി സംരക്ഷിച്ചു പോന്നിരുന്ന ജൈവവൈവിദ്ധ്യയിടമാണ്. ദൃഢമായ വിശ്വാസ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ 'മാവിലൻ' സമുദായത്തിൽപ്പെട്ടവർക്ക് മാത്രമേ കാവിനകത്തേക്ക് പ്രവേശനമുള്ളൂ. കാവിന്റെ അരികിലൂടൊഴുകുന്ന തോട്ടിൽ ശ്വസന വേരുകളുള്ള അപൂർവ്വയിനം സസ്യങ്ങളുമുണ്ട് എന്നിങ്ങനെയുള്ള കാവിന്റെ സവിശേഷതകൾ ക്ഷേത്രകമ്മിറ്റി ഭാരവാഹികളിൽ നിന്നും സമിതിക്കു ബോധ്യമായി. കാവിൽ അന്യസമുദായങ്ങളിൽപ്പെട്ടവർക്ക് പ്രവേശനം അനുവദിക്കാത്തതിനാൽ മരങ്ങൾ വീണ് ഗതി മാറിയൊഴുകുന്ന തോട്ടിലെ പ്രസ്തുത മരങ്ങളും കാവിലെ മരങ്ങളെ നശിപ്പിക്കുന്ന ഇഞ്ചപ്പടർപ്പുകളും നീക്കം ചെയ്യിക്കുന്ന പ്രവർത്തികൾ പ്രവേശനാനുമതിയുള്ള സമുദായത്തിൽപ്പെട്ടവരെക്കൊണ്ടുതന്നെ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു.

(d) <u>വെരീക്കര ഭഗവതിക്കാവ് :-</u>

പയ്യന്നൂർ താലൂക്കിലെ പെരളം വില്ലേജിൽ കൊഴുമൽ ദേശത്ത് 12 ഏക്കർ വിസ്തൃതിയുള്ള വെരീക്കര ഭഗവതിക്കാവ് മലബാർ ദേവസ്വം ബോർഡിന് കീഴിലാണ്. ഒരു തറവാട്ടിൽപ്പെട്ട നാല് കുടുംബങ്ങൾ ചേർന്ന ട്രസ്റ്റി ബോർഡാണ് കാവിന്റെ പരിപാലന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. വെരീക്കര കാവിന്റെയും അതിർത്തികൾ കൃത്യമായി ചുറ്റുമതിലോ ജൈവവേലിയോ കെട്ടി തിരിച്ചിട്ടില്ലെന്നും കാവിൽ നശീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും സമിതി വിലയിരുത്തുന്നു.

II. <u>സംരക്ഷണ പ്രവർത്തനങ്ങളും പദ്ധതികളും</u>

(a) <u>അതിർത്തി നിർണ്ണയവും സംരക്ഷണവും</u> :

സമിതി സന്ദർശിച്ച കാവുകളിലെ സ്ഥിതിഗതികളിൽ നിന്നും ജൈവവൈവിദ്ധ്യപരമായ പ്രത്യേകതകൾ കൊണ്ടും വിശ്വാസത്തിന്റെ പേരിലും പരിസ്ഥിതി പ്രവർത്തകരുൾപ്പെടെ ധാരാളമാൾക്കാർ കാവുകളെ നെഞ്ചിലേറ്റുന്നുണ്ടെന്നും ജൈവവൈവിദ്ധ്യ ഹോട്ട് സ്പോട്ടുകളായ സംസ്ഥാനത്തെ നാശോന്മുഖമായ കാവുകളുടെ തനിമയും ഗരിമയും വീണ്ടെടുക്കുന്നതിനും നിലനിർത്തുന്നതിനും കാവുകളെ ശാസ്ത്രീയമായ രീതിയിൽ ഔഷധ സസ്യങ്ങൾ, വൃക്ഷത്തൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനും കൃത്രിമമായി കാവുകൾക്ക് സമാനമായ സവിശേഷതകളുള്ള മേഖലകൾ വളർത്തിയെടുക്കുന്നതിനും സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. കൈയ്യേറ്റക്കാരുടെയും സാമൂഹ്യവിരുദ്ധരുടെയും ചെയ്തികൾമൂലം തരിശായിക്കിടക്കുന്ന കാവുകളിലെ ഭൂമി വീണ്ടെടുത്ത് ഓരോ കാവിന്റെയും അതിർത്തി കൃത്യമായി തിട്ടപ്പെടുത്തി വേലികെട്ടി സംരക്ഷിക്കേണ്ടതുണ്ടെന്നും ഇതിനായി പരിസ്ഥിതി, റവന്യൂ (ദേവസ്വം), തദ്ദേശസ്വയംഭരണം, വനം-വന്യജീവി വകുപ്പുകളും കൂടാതെ കാവുകളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ജലവിഭവ വകുപ്പും മുൻകൈയ്യെടുക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

എല്ലാ പഞ്ചായത്തുകളും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (People's Biodiversity Register, PBR) തയ്യാറാക്കിയിട്ടുണ്ടെന്നും 1200-ഓളം പ്രസ്തുത രജിസ്റ്ററുകൾ തയ്യാറാക്കിയ കേരളത്തിന്റെ ഓരോ പ്രദേശത്തെയും കാവുകളിലേതടക്കമുള്ള ഔഷധസസ്യങ്ങളുപയോഗിച്ച് പാരമ്പര്യ വൈദ്യന്മാർ തയ്യാറാക്കുന്ന ഔഷധങ്ങളുടെ ഗുണങ്ങളുടെയും വിശദാംശങ്ങൾ PBR-ൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വനം-വന്യജീവി വകുപ്പിന്റെ പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ് വിഭാഗം അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കാവുകളെയും സ്ഥിരമായി സംരക്ഷിക്കുന്നതിനായി PBR-ൽ നിന്നും കാവുകളുടെ വിവരങ്ങൾ വേർതിരിച്ചെടുത്ത് കാവു സംരക്ഷണ പ്രവൃത്തികൾക്കാവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു.

കാവുകളിലെ കയ്യേറ്റങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അതിർത്തി സംരക്ഷിക്കുന്നതിന് ജൈവവേലി (ബയോ ഫെൻസിംഗ്) നിർമ്മിക്കുന്നതാണുചിതമെന്നും ജനവാസ മേഖലകളിലാണ് കാവുകൾക്ക് വേലി നിർമ്മിക്കുന്നതെന്നും കാവുകളിൽ ഇഴജന്തുക്കൾ തുടങ്ങിയവയാണ് കൂടുതലായും കാണപ്പെടുന്നതെന്നതിനാൽ വൈദ്യുതകമ്പിവേലി സമ്പ്രദായം ഉപയോഗിച്ചാൽ ജന്തുക്കൾ അതിൽത്തട്ടി അപായപ്പെടാൻ സാധ്യതയുള്ളതായും

മുള്ളുവേലി, ഇല്ലിമുള്ള് പോലെയുള്ള ജൈവ വേലിയാണ് ഉചിതമെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കേരളത്തിലെ മിക്കവാറും കാവുകൾ ദേവസ്വം ബോർഡിന്റെയോ സ്വകാര്യ ട്രസ്റ്റുകൾ, വ്യക്തികൾ തുടങ്ങിയവരുടെയോ ഉടമസ്ഥതയിലായതിനാൽ കാവുകൾ വനത്തിന്റെ നിർവചനത്തിൻ കീഴിൽ ഉൾപ്പെടാത്ത പ്രദേശങ്ങളാണെന്ന നിലയ്ക്ക് വനം-വകുപ്പിന് ഇക്കാര്യത്തിൽ ധനസഹായ പദ്ധതികളിലൂടെയല്ലാതെ ഇടപെടാൻ നിയമം അനുവദിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ആയതിനാൽ യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങളെ പാടെ ഒഴിവാക്കി ഓരോ കാവിലും തനതായി കാണപ്പെടുന്ന തദ്ദേശീയ സസ്യങ്ങൾ/വൃക്ഷങ്ങൾ ഉപയോഗിച്ച് ജൈവവേലി നിർമ്മിക്കുന്നതാണ് അനുയോജ്യമെന്ന് സമിതി വിലയിരുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ പരിമിതമായ രീതിയിൽ ബയോഫെൻസിംഗ് നടത്തി കാവുകളെ സംരക്ഷിച്ചു പോരുന്നുണ്ടെന്നും എന്നാൽ സാമ്പത്തിക പരാധീനതകളുള്ളതിനാൽ മലബാർ മേഖലയിലെ ക്ഷേത്രങ്ങൾക്കുകീഴിലുള്ള വളരെക്കുറച്ച് കാവുകൾ മാത്രമേ വേലികെട്ടി സംരക്ഷിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും ഭക്തജനങ്ങളുടെ സ്പോൺസർഷിപ്പും ദേവസ്വം ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ചാണ് ഇത് ചെയ്തിട്ടുള്ളതെന്നും മറ്റു കാവുകളിൽ ബയോഫെൻസിംഗ്, മറ്റു സമ്പ്രദായങ്ങൾ ഒന്നും പ്രയോജനപ്പെടുത്തിയിട്ടില്ലെന്നും വകുപ്പ് അറിയിച്ചിരുന്നതിന്റെ നേർക്കാഴ്ച കണ്ണൂർ ജില്ലയിലെ കാവു സന്ദർശനത്തിൽ നിന്നും സമിതിക്ക് ബോധ്യമായിട്ടുണ്ട്. പ്രസ്തുത കാവുകളുടെ സംരക്ഷണത്തിന് മറ്റു പരിമിതികളില്ലെങ്കിൽ ജൈവവൈവിദ്ധ്യ ബോർഡിന്റെയും വനം വകുപ്പിന്റെയും പദ്ധതികൾകൂടി ഉപയോഗപ്പെടുത്താവുന്നതാണെന്നും ദേവസ്വം ബോർഡുകളുടെ കീഴിലെ കാവുകളുടെ അതിർത്തി സംരക്ഷിക്കുന്നതിന് സർക്കാർ കൂടുതൽ തുക വകയിരുത്തേണ്ടതുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

(b) <u>ജൈവവൈവിദ്ധ്യ സംരക്ഷണം :</u>

കാവുകളെ ശാസ്ത്രീയമായി തനിമ നഷ്ടപ്പെടാതെ പുനഃസൃഷ്ടിക്കുന്നതിനും സംരക്ഷിക്കുന്നതിനും കാവുകൾക്ക് സമാനമായ ജൈവവൈവിദ്ധ്യ മേഖലകൾ കൃത്രിമമായി വളർത്തിയെടുക്കുന്നത് സംബന്ധിച്ച വിഷയത്തിലും പരിസ്ഥിതി മന്ത്രാലയത്തിന്റെയും ദേശീയ ജൈവവൈവിദ്ധ്യ അതോറിറ്റിയുടെയും UNDP-യുടെയും മറ്റ് സ്ഥാപനങ്ങളുടെയും സമഗ്രമായ സഹകരണത്തിലൂടെ ജൈവവൈവിദ്ധ്യ പ്രാധാന്യമുള്ള തനത് ആവാസവ്യവസ്ഥകളെ കണ്ടെത്തി മാപ്പിംഗ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ദേശീയതലത്തിൽ നടന്നുവരുന്നുവെന്നും ഈ പദ്ധതിയുടെ (Protected Areas and Other Effective Area-based Conservation Measures-OECMs) ഭാഗമായി കാവുകളെയും ഇത്തരം പ്രാധാന്യമുള്ള ആവാസ സ്ഥലങ്ങളാണെന്ന് പരിഗണിക്കുന്നുണ്ടെന്നും ആകയാൽ ദേശീയ ജൈവവൈവിദ്ധ്യ അതോറിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ

14 കാവുകളെ കണ്ടെത്തി OECM-ൽ ഉൾപ്പെടുത്താൻ ആയവയുടെ വിവരങ്ങൾ ജൈവവൈവിദ്ധ്യ ബോർഡ് ദേശീയ ജൈവവൈവിദ്ധ്യ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്നും തെളിവെടുപ്പ് വേളയിൽ പരിസ്ഥിതി വകുപ്പ് സമിതിയെ അറിയിച്ചിരുന്നു. എന്നാൽ സംസ്ഥാനത്താകെയുള്ള കാവുകളുടെ കാര്യം പരിഗണിക്കുമ്പോൾ ഇത് ഒട്ടും തന്നെ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു.

സമിതിയുടെ മുൻകാല നിർദ്ദേശം അനുസരിച്ച് കൊല്ലം ജില്ലയിലെ ചടയമംഗലത്തെ പോരേടം കാവിനെ 'മാതൃകാ കാവ്' ആയി ഏറ്റെടുത്ത് Jawaharlal Nehru Tropical Botanic Garden and Research Institute (JNTBGRI) മുഖേന കാവിനുള്ളിലെ 2.5 ഏക്കർ സ്ഥലത്തായി 60-ഇനം മാമ്പഴത്തൈകൾ കൊണ്ട് 'Mango Conservatory' നിർമ്മിക്കുകയും പ്രസ്തുത കാവിൽ കേരളത്തിന്റെ തനത് ഫലവൃക്ഷങ്ങൾ നട്ട് കാവിനുചുറ്റും രാജമല്ലിച്ചെടി ഉപയോഗിച്ച് ജൈവവേലി നിർമ്മിച്ച് സംരക്ഷിച്ചതിന് വകുപ്പിനെയും ജൈവവൈവിദ്ധ്യ ബോർഡിനെയും, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്ക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും (JNTBGRI) സമിതി അഭിനന്ദിക്കുന്നു.

നാശോന്മുഖമായ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടെയും സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ-സർക്കാരേതര ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ ഏതാനും ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജൈവവൈവിദ്ധ്യ ബോർഡിന്റെ സഹായത്തോടെ കാവുകൾക്ക് ജൈവവേലി ബോർഡർ തിരിക്കൽ, കാവുകളിൽ വൃക്ഷങ്ങൾ നട്ടുപരിപാലിക്കൽ, വള്ളിച്ചെടികൾ പടർത്തുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തൽ, കാവിലെ കുളം സംരക്ഷിക്കൽ തുടങ്ങിയവ നടപ്പിലാക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

ഹരിതകേരളം മിഷന്റെ കീഴിൽ നടപ്പാക്കുന്ന സാമൂഹ്യവനവത്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാവുകളുടെ സംരക്ഷണം നടപ്പാക്കി വരുന്നതായും ഇതിൻ പ്രകാരം പത്തനംതിട്ട ജില്ലയിൽ രണ്ട് 'പച്ചത്തുരുത്ത്'കളും ഒരു 'നക്ഷത്രവന'വും ഉള്ളതായും കൊടുമൺ ഗ്രാമപഞ്ചായത്തിലെ കാവുംപാട്ടും ഏഴംകുളം ഗ്രാമപഞ്ചായത്തിലെ മാങ്കൂട്ടത്തുമായാണ് പച്ചത്തുരുത്തുകൾ എന്നും ഹിന്ദുമത വിശ്വാസപ്രകാരമുള്ള 27 നക്ഷത്രങ്ങളെയും പ്രതിനിധീകരിക്കുന്ന സസ്യങ്ങളെ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്ന പദ്ധതിയാണ് 'നക്ഷത്രവനം' എന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കാവ് സംരക്ഷണ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | തദ്ദേശസ്ഥാപനം/ ജില്ല | പദ്ധതി/ഏജൻസി | അനുവദിച്ച തുക ₹ | വിനിയോഗിച്ച തുക ₹ |
|---|---|---|---|---|
| 1 | കാണക്കാരി (കോട്ടയം) | ജൈവവൈവിദ്ധ്യ പാർക്ക് (ജൈവവൈവിദ്ധ്യ ബോർഡ്) | 5,00,000 | പ്രാരംഭഘട്ടം |
| 2 | ശ്രീനാരായണപുരം (തൃശ്ശൂർ) | ശംഖുകുളങ്ങര കാവ് സംരക്ഷണം (ജൈവ വൈവിദ്ധ്യ ബോർഡ്) | 106400 (2020-21) | 106000 |
| 3 | പെരുമ്പടപ്പ് (മലപ്പുറം) | ജൈവവൈവിദ്ധ്യ പാർക്ക് (ജൈവവൈവിദ്ധ്യ ബോർഡ്) | 5,00,000 | പ്രാരംഭഘട്ടം |

തരിശുനിലങ്ങളും ക്ഷേത്ര ഭൂമിയും ഭക്ഷ്യഭദ്രതയ്ക്കും സുരക്ഷിത ഭക്ഷണത്തിനുമായി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിത കേരളം മിഷൻ തിരുവിതാംകൂർ ദേവസ്വംബോർഡുമായി ചേർന്ന് വിഭാവനം ചെയ്തിട്ടുള്ള 'ദേവഹരിതം' പദ്ധതി പല ജില്ലകളിലും നടപ്പാക്കിയിട്ടുള്ളതായും രേഖകൾ വ്യക്തമാക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതി കാവുകളോടനുബന്ധിച്ചുള്ളതും മുമ്പ് കാവുകളുടെ ഭാഗമായിരുന്നതുമായ തരിശ് ഭൂമിയിൽ നടപ്പിലാക്കുന്നത് കാവ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പരിവർത്തനം ചെയ്ത് കൃഷി ഭൂമിയാക്കുന്നതിന് തുല്യമായതിനാൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ കാവുകളോട് ചേർന്നുള്ള സ്ഥലത്ത് നടത്തുന്നത് ഒഴിവാക്കുന്നതാണ് ഉചിതമെന്ന് സമിതി നിരീക്ഷിക്കുന്നു.

കാവുകൾ വനം-വന്യജീവി വകുപ്പിന് നേരിട്ട് ഇടപെട്ട് സംരക്ഷിക്കാൻ കഴിയില്ലെങ്കിലും കാവുകളിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി 'Conservation of Biodiversity' എന്ന ബജറ്റ് ശീർഷകത്തിൽ സാമൂഹിക വനവത്കരണ വിഭാഗത്തിന് അനുവദിക്കുന്ന ഫണ്ടിൽ നിന്നും ഓരോ വർഷവും അർഹമായ കാവുകളുടെ സംരക്ഷണത്തിന് ധനസഹായം നൽകിവരുന്നുണ്ടെന്നും നിലവിൽ ഓരോ വർഷവും ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന അഞ്ച് കാവുകൾക്കാണ് ഇപ്രകാരം ധനസഹായം നൽകിവരുന്നതെന്നും ഇങ്ങനെ 14 ജില്ലകളിലായി 70 കാവുകൾക്കാണ് ധനസഹായം നൽകുന്നതെന്നും വനം വകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം സമിതിയോഗത്തിൽ അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിലവിൽ അനുവദിച്ചുവരുന്ന 10 കോടി രൂപയിൽ 'Man Animal Conflict Resolution' അഥവാ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കലിനുള്ള പ്രവർത്തനങ്ങൾക്കായുള്ള തുക കൂടി കണ്ടെത്തേണ്ടിവരുന്നതിനാലും കാവുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ

പ്രായോഗികമല്ലാത്തതിനാലും നിലവിൽ ഓരോ കാവിനും 25000 രൂപ (ഇരുപത്തിയയ്യായിരം രൂപ മാത്രം) വീതമേ അനുവദിക്കാനാകുന്നുള്ളുവെന്നും കാവുകളിൽ നടത്താനുള്ള സംരക്ഷണ പ്രവർത്തനങ്ങളുടെ ചെലവ് കണക്കിലെടുക്കുമ്പോൾ നിലവിൽ ബജറ്റിൽ അനുവദിച്ചുവരുന്ന തുക അപര്യാപ്തമാണെന്നുമാണ് വനം വകുപ്പ് (പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം) അറിയിച്ചിരിക്കുന്നത്.

കാവുകളുടെയും കാവുകളുടെ സവിശേഷതകൾ നിലനിൽക്കുന്ന എന്നാൽ നിയമപ്രകാരം വന മേഖലയല്ലാത്തയിടങ്ങളുടെയും സംരക്ഷണത്തിന് ഒരു പ്രത്യേക ബജറ്റ് ശീർഷകം ഇല്ലാത്തതിനാൽ പതിനായിരത്തിൽപ്പരം കാവുകളുള്ള സംസ്ഥാനത്തെ ഓരോ കാവിന്റെയും സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മതിയായ തുക ലഭ്യമാകുന്നില്ലെന്നതിനാൽ ആയതിന് ഒരു പ്രത്യേക ശീർഷകം ബജറ്റിൽ അനുവദിക്കേണ്ട താണെന്നും ആയതിനാവശ്യമായ നടപടികൾ ധനകാര്യവകുപ്പ് സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനു മുന്നോടിയായി വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ വിശദമായ പഠനം നടത്തി വനം-വന്യജീവി വകുപ്പ് മുഖേന ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും ആയത് സമർപ്പിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു.

9-5-2014-ലെ സ.ഉ. (കൈ.) നം.185/2014-റവ നമ്പർ ഉത്തരവ്, 20-5-2017-ലെ 107/ദേവ 2/2017/റവന്യൂ നമ്പർ സർക്കുലർ എന്നിവ പ്രകാരം സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവും സർക്കുലറും അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 2021-22-ലെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. ഈ വിഹിതം അപര്യാപ്തമായതിനാൽ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി റവന്യൂ (ദേവസ്വം) വകുപ്പിനുള്ള ബജറ്റ് വിഹിതം 10 കോടി രൂപയായി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിരിക്കുന്നു. റവന്യൂ (ദേവസ്വം) വകുപ്പിന് ബജറ്റിൽ വകയിരുത്തുന്ന തുക ധനകാര്യ വകുപ്പ് പൂർണ്ണമായി റിലീസ് ചെയ്യാറില്ലെന്നും വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ സമിതിയുടെ പരിഗണനയിലുള്ളത് കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടെയും സംരക്ഷണ പ്രവർത്തനങ്ങളാണെന്നും ആൽത്തറകൾ ക്ഷേത്ര നിർമ്മിതികൾ തുടങ്ങിയവയുടെ സംരക്ഷണം സമിതിയുടെ വിഷയമല്ലെന്നും സമിതി സ്പഷ്ടമാക്കുന്നതോടൊപ്പം ദേവസ്വം വകുപ്പിനുകീഴിലുള്ള കാവുകളുടെയും അനുബന്ധ കുളങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിംഗ് സംബന്ധിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് വിശദമായ പഠനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയതിനുള്ള ബജറ്റ് പ്രൊവിഷൻ കൂട്ടുന്നത് സംബന്ധിച്ച തുടർനടപടികൾ ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു.

ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ ക്ഷേത്രങ്ങൾക്ക് ധനസഹായം നൽകുന്നത്. സ്വകാര്യ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളുടെ സംരക്ഷണത്തിനും പ്രസ്തുത തുകയാണ് ഉപയോഗിച്ചുവരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു.

സംസ്ഥാനത്തെ കാവുകളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനായി 'കാലാവസ്ഥാ വ്യതിയാന അനുരൂപ കൃഷിരീതികൾ' എന്ന പദ്ധതി ശീർഷകത്തിൻ കീഴിൽ തദ്ദേശീയമായതും സംരക്ഷണ പ്രധാന്യമുള്ളതുമായ വൃക്ഷങ്ങളും, ഔഷധസസ്യങ്ങളും 'മിയാവാക്കി' വനവത്കരണ രീതിയിൽ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള രണ്ട് പദ്ധതികൾ മഹാത്മാഗാന്ധി സർവ്വകലാശാല-കോട്ടയം, കൃഷി വിജ്ഞാന കേന്ദ്രം-പട്ടാമ്പി, പാലക്കാട് എന്നീ സ്ഥലങ്ങളിൽ നടപ്പിലാക്കിവരുന്നുണ്ടെന്ന് പരിസ്ഥിതി വകുപ്പ് അറിയിച്ചിരുന്നു. തദ്ദേശീയമായ സസ്യങ്ങളെ മാത്രമുപയോഗിച്ച് കാവ് സംരക്ഷണം നടത്തുന്ന ഈ രീതി സംസ്ഥാന വ്യാപകമായി നടപ്പാക്കാവുന്നതാണെന്നും ഇതൊരു മാതൃകാ പദ്ധതിയായി നടപ്പിൽ വരുത്തുന്നതിന് പരിസ്ഥിതി, റവന്യൂ(ദേവസ്വം), വനം-വന്യജീവി വകുപ്പുകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിക്കുന്നത് കാവുകളുടെ സംരക്ഷണത്തിന് ഒരു പുതിയ മാനം നൽകുന്നതിന് ഉപകരിക്കുമെന്നും എന്നാൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ തദ്ദേശീയമായ സസ്യങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിരീക്ഷിക്കുന്നു.

(c) <u>പുറമ്പോക്കു ഭൂമിയിലെ കാവുകൾ</u>:

കൊല്ലം ജില്ലയിലെ വെളിയം, വിളക്കുടി ഗ്രാമപഞ്ചായത്തുകളിൽ പുറമ്പോക്ക് ഭൂമിയിൽ കാവുകൾ സ്ഥിതി ചെയ്യുന്നുണ്ടെന്നും ഇത്തരം കാവുകളുടെ പുനരുജ്ജീവനത്തിന് ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിച്ചുവരുന്നുണ്ട് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിൽ കാവുകൾ പുറമ്പോക്ക് ഭൂമിയിൽ സ്ഥിതി ചെയ്യുന്നുണ്ടെന്നും പ്രസ്തുത കാവുകൾക്ക് 2015-16 കാലഘട്ടത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ജൈവവേലി നിർമ്മിച്ചിട്ടുണ്ടെന്നും മറ്റ് ജില്ലകളിൽ പുറമ്പോക്ക് ഭൂമിയിൽ കാവുകൾ സ്ഥിതി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വകുപ്പ് അറിയിച്ചിട്ടുണ്ട്.

പരിസ്ഥിതി, റവന്യൂ (ദേവസ്വം) വകുപ്പുകളുടെ ശ്രദ്ധയിൽ വന്നിട്ടുള്ളതിലും പരിപാലിച്ചുവരുന്നതിലും കൂടുതൽ കാവുകൾ സംസ്ഥാനത്ത് പുറമ്പോക്ക് ഭൂമിയിൽ സ്ഥിതിചെയ്യുന്നുണ്ടാകാമെന്ന് സമിതി അനുമാനിക്കുന്നു. ആയതിനാൽ ഇത്തരം കാവുകൾ കണ്ടെത്തുന്നതിനും അവയെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനും റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണെന്നും കാവുകളിലെ കയ്യേറ്റം തടയുന്നതിനും പുറമ്പോക്ക് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കാവുകളെ സംരക്ഷിക്കുന്നതിനും സർവ്വേ വകുപ്പിന്റെ സേവനം നാമമാത്രമാണെന്നും സമിതി നിരീക്ഷിക്കുന്നു.

(d) കാവുകളോടനുബന്ധിച്ചുള്ള ജലസ്രോതസ്സുകൾ :

കാവുകളോടനുബന്ധിച്ചുള്ള കുളങ്ങൾ, തോടുകൾ മറ്റു ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണം കാവുകളുടെ സംരക്ഷണം പോലെതന്നെ പ്രാധാന്യം അർഹിക്കുന്നു. വനം വകുപ്പ് നിലവിൽ സർക്കാർ ഉത്തരവ് സ.ഉ. (സാധാ.) നം.485/2016/വനം തീയതി 24-12-2016 പ്രകാരം നടപ്പാക്കിവരുന്ന കാവ് സംരക്ഷണ പദ്ധതിയിൽ കാവുകളിലൂടെ ഒഴുകുന്ന തോടുകൾ പോലുള്ള സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ധനസഹായം അനുവദിക്കുന്നുണ്ടെന്ന് വനം വന്യജീവി വകുപ്പ് അറിയിച്ചിരിക്കുന്നു.

കാവുകളിലെ സ്വാഭാവിക ജലസ്രോതസ്സുകൾ ആയവയിലെ ജല ജീവികളുൾപ്പെടെയുള്ള ജീവജാലങ്ങൾ ജലത്തിനായി ആശ്രയിക്കുന്ന ഏകസ്രോതസ്സാണ്. എന്നാൽ കാവുകളിലെ ജീവജാലങ്ങളുടെ ജീവനാഡിയെന്ന് വിശേഷിപ്പിക്കാവുന്ന ഇത്തരം ജലസ്രോതസ്സുകളുടെ തനിമ നിലനിർത്തി മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ ജലവിഭവ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കീഴിൽ ഉള്ളതായി റവന്യൂ (ദേവസ്വം) വകുപ്പ് അറിയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ഇത്തരം ജലസ്രോതസുകളെ സംരക്ഷിക്കുന്നത് പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് കൂടുതൽ അനുയോജ്യമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ കുളങ്ങൾ പോലുള്ളവയുടെ കാര്യത്തിൽ അനുവദിക്കുന്ന ഫണ്ട് പര്യാപ്തമാകണമെങ്കിൽ ആദ്യം കുളങ്ങളുടെ പൂർണ്ണമായ വിസ്തൃതി കണക്കാക്കി പ്രവൃത്തിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ച് ഫണ്ട് അനുവദിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇപ്രകാരം അനുവദിച്ച് ലഭിക്കേണ്ടതുക പര്യാപ്തമാകുന്നതിന് ധനകാര്യ വകുപ്പ് അവധാനതയോടെ പ്രവർത്തിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടാതെ അനുവദിച്ച് ലഭിക്കുന്ന തുകയുടെ വിനിയോഗത്തിൽ വീഴ്ചകളുണ്ടാകാതിരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്ന് സമിതി നിഷ്കർഷിക്കുന്നു.

(e) കാവുകളിലെ മാലിന്യനിർമാർജ്ജനം:

മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി കാവുകൾ വൃത്തിയാക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതി ശ്ലാഘനീയമാണെങ്കിലും ബോധവൽക്കരണവും പരിശീലനവും ലഭിച്ച തൊഴിലാളികളെക്കൊണ്ടു കാവുകളിലെ മാലിന്യം നിർമ്മാജ്ജനം ചെയ്യിക്കുന്നതാണ് കൂടുതൽ ഉചിതമെന്നും കാവുകളിൽ തള്ളപ്പെടുന്ന മാലിന്യത്തിന്റെ നിർമ്മാർജ്ജനം ആണ് കാവുകളിൽ ആവശ്യമെന്നും സമിതി വിലയിരുത്തുന്നു.

III. സമിതിയുടെ മറ്റു കണ്ടെത്തലുകൾ :

കാവുകളുടെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് സമിതിയുടെ ശ്രദ്ധയിൽപ്പെട്ട ചിലകാര്യങ്ങൾ ചുവടെ ചേർക്കുന്നു:

- കാവുകളിൽ കണ്ടുവരുന്ന പുരാതനവും നൂറ്റാണ്ടുകൾ പഴക്കമുള്ളതുമായ മരങ്ങളിൽ പലതും മണ്ണൊലിപ്പുമൂലം കടപുഴകി വീണും ഇത്തിൾക്കണ്ണികൾ പടർന്നും നശിച്ചുപോകുന്നുണ്ടെങ്കിലും ഇത്തരം മരങ്ങളുടെ സംരക്ഷണത്തിന് പ്രത്യേകമായി പദ്ധതികളൊന്നും വകുപ്പുകൾക്കു കീഴിൽ ഇല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം മരങ്ങൾ സംരക്ഷിക്കുന്നതിന് അടിയന്തര പ്രധാന്യം നൽകണമെന്ന് സമിതി നിരീക്ഷിക്കുന്നു. ഹരിത കേരളം മിഷന്റെ 'പൈതൃകം' പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം മരങ്ങളുടെ തൈകൾ ഉൽപ്പാദിപ്പിച്ച് അന്യംനിന്നു പോകാതെ സംരക്ഷിക്കുന്ന രീതിയാണ് നിലവിലുള്ളതെന്നും എന്നാൽ വലിപ്പം ചെന്ന വൻമരങ്ങൾ കടപുഴകി വീഴാതെ സംരക്ഷിക്കുന്നത് ഈ പദ്ധതിയുടെ കീഴിൽ വരുന്നില്ലെന്നും സമിതി കരുതുന്നു.

- കാവുകളിൽ തരിശായിക്കിടക്കുന്ന സ്ഥലങ്ങളിൽ ആരാധനാവശ്യങ്ങൾക്കുള്ള സ്ഥലങ്ങൾ ഒഴികെയുള്ള ഭാഗത്ത്, പ്രദേശത്തെ മണ്ണിന് അനുയോജ്യമായതും തദ്ദേശീയമായതുമായ വൃക്ഷലതാദികൾ മാത്രം ഉപയോഗപ്പെടുത്തിയുള്ള വനവത്കരണം സാധ്യമാക്കുകവഴി കാവിന് കാലാന്തരത്തിൽ പഴയ പ്രൗഢി വീണ്ടെടുത്ത് നൽകാനാവുമെന്ന് സമിതി വിലയിരുത്തുന്നു.

- കാവുകളോടനുബന്ധിച്ചുള്ളതും എന്നാൽ കാവ് ഭരണ സമിതിയുടെ കീഴിലുള്ളതല്ലാത്തതുമായ കണ്ടൽക്കാടുകളെ ഭൂമി ഏറ്റെടുത്തോ അല്ലാതെയോ സംരക്ഷിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു.

- സർവ്വകലാശാലകളുടെയും കലാലയങ്ങളുടെയും അടുത്തായി സ്ഥിതി ചെയ്യുന്ന കാവുകളിലെ ജൈവവൈവിദ്ധ്യത്തെപ്പറ്റി പ്രസ്തുത സ്ഥാപനങ്ങളിലെ സസ്യശാസ്ത്ര-ജന്തുശാസ്ത്ര വിഭാഗങ്ങൾ ബന്ധപ്പെട്ട BMC-കൾ മുഖേന പഠനം നടത്തുക വഴി കൂടുതൽ കാവുകളെ സർക്കാരിന്റെ വിവിധ സംരക്ഷണ ഏജൻസികളുടെ ശ്രദ്ധയിൽക്കൊണ്ടു വരാവുന്നതും അതുവഴി ഔദ്യോഗിക കണക്കിൽപ്പെടാത്ത കൂടുതൽ കാവുകൾക്ക് സംരക്ഷണം നൽകാനാകുമെന്നും സമിതി വിലയിരുത്തുന്നു.

- കാവുകളുടെ പ്രാധാന്യം പൊതുജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് കാവുകളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര പരിപാടികൾ നടപ്പിലാക്കുന്നത് നല്ലതാണെങ്കിലും കാവിനുള്ളിലേക്ക് വിനോദസഞ്ചാരികൾ പ്രവേശിക്കുന്നത് ഉചിതമല്ലെന്നും വിനോദ സഞ്ചാരികൾ കാവിന് പുറത്തുനിന്ന് വീക്ഷിക്കുന്നതാണ് ഉചിതമെന്നും സമിതി നിരീക്ഷിക്കുന്നു. എന്നാൽ പഠനാവശ്യങ്ങളുമായി

ബന്ധപ്പെട്ട് സ്കൂൾ കുട്ടികൾ കാവ് സന്ദർശിക്കാറുള്ളതിനാൽ പ്രവേശനാനുമതിയുള്ള കാവുകളിലെ വൃക്ഷങ്ങളുടെയും മറ്റ് സസ്യലതാദികളുടെയും ജന്തുക്കളുടെയും പേരുവിവരങ്ങൾ, കാവിന്റെ ചരിത്ര വസ്തുതകൾ എന്നിവ എഴുതി പ്രദർശിപ്പിക്കുന്നത് കുട്ടികൾക്ക് കാവുകളെ സംബന്ധിച്ച് അവബോധം ഉണ്ടാകുന്നതിന് ഉപകരിക്കുമെന്നും ആയതിന് പരിസ്ഥിതി, തദ്ദേശസ്വയംഭരണ, വിനോദസഞ്ചാര വകുപ്പുകൾക്ക് നടപടി സ്വീകരിക്കാവുന്നതാണെന്നും സമിതി നിരീക്ഷിക്കുന്നു.

- സ്വകാര്യ വ്യക്തികളുടെയും കുടുംബങ്ങളുടെയും ഉടമസ്ഥതയിലുള്ള കാവുകളെ സർക്കാർ/ ദേവസ്വം ഉടമസ്ഥതയിലുള്ള കാവുകൾക്ക് തുല്യമായ പരിഗണന നൽകി സംരക്ഷിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു.

- കാവുകൾ മാതൃകാപരമായി സംരക്ഷിക്കുന്ന പരിസ്ഥിതി പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനമായി പ്രത്യേക അവാർഡുകളൊന്നും ഏർപ്പെടുത്തിയിട്ടില്ലെന്നും നിലവിൽ 13 ഇനങ്ങളിലായി 'ഹരിത അവാർഡുകൾ' നൽകിവരുന്നുണ്ടെന്നും ജൈവവൈവിദ്ധ്യ ബോർഡ് സമിതിയെ അറിയിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ഹരിത അവാർഡുകളിൽ പരിഗണിക്കുന്ന ഇനങ്ങളിൽ 'കാവുകളുടെ സംരക്ഷണം' കൂടി ഉൾപ്പെടുത്തുന്നതും കാവ് സംരക്ഷണത്തിനായി പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നതും കാവ് സംരക്ഷകർക്ക് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് കൂടുതൽ ഊർജ്ജം പകരുമെന്ന് സമിതി നിരീക്ഷിക്കുന്നു.

- പുരാവസ്തു വകുപ്പിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്മാരകങ്ങളിലെയും സ്ഥാപനങ്ങളിലെയും കാവുകളുടെ പരിപാലനം ഇവയിലെ മരങ്ങളും ചെടികളും നിലനിർത്തുന്നതിനാവശ്യമായ ദൈനംദിന പരിപാലനം എന്നിവ നിർവ്വഹിക്കുന്നത് പ്രസ്തുത വകുപ്പുതന്നെയാണെന്നും എന്നാൽ സംരക്ഷിതമായി പ്രഖ്യാപിക്കപ്പെട്ടതും ഇതര ഉടമസ്ഥതയിലുള്ളതുമായ സ്മാരകങ്ങളിലെ കാവുകൾ പ്രസ്തുത വകുപ്പല്ല പരിപാലിക്കുന്നതെന്നും ഭരണ വകുപ്പായ സാംസ്കാരികകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുരാവസ്തു വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ലാത്ത കാവുകൾ വേണ്ടവിധം സംരക്ഷിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

- കാവുകളുടെ പ്രാധാന്യവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച ഭാഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഭാവി തലമുറയ്ക്ക് അവബോധം സൃഷ്ടിക്കാൻ ഉപകാരപ്രദമായിരിക്കുമെന്നും ആയതിനാൽ കാവുകളെ സംബന്ധിച്ച പാഠങ്ങൾ പൊതുവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ പ്രത്യേകമായി ഉൾപ്പെടുത്തുകയും കോളേജ് വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിലെ പരിസ്ഥിതിശാസ്ത്ര വിഭാഗത്തിൽ കാവുകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച പാഠങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നത് ഉചിതമാകുമെന്ന് സമിതി വിലയിരുത്തുന്നു.

- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പരമ്പരാഗതമായിട്ടുള്ള ക്ഷേത്രം/കാവ് നവീകരിക്കുന്നതിനായി 2015-16 വർഷം മുതൽ ആയവ സ്ഥിതി ചെയ്യുന്ന ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറുടെ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെ ഒരു ക്ഷേത്രം/കാവിന് 5 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. പ്രസ്തുത തുക ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദിക്കുകയും ആവശ്യമായ തുക തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സെക്രട്ടറിക്ക് കൈമാറുകയും സെക്രട്ടറി തനത് സാമ്പത്തിക വർഷം തന്നെ തുക ചെലവഴിച്ച് പദ്ധതി നിർവ്വഹണം പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റ് പട്ടികജാതി വികസന വകുപ്പിന് ലഭ്യമാക്കുന്ന രീതിയാണ് അവലംബിച്ച് വരുന്നതെന്നും ടി പദ്ധതിക്ക് കോർപ്പസ് ഫണ്ടിൽ (2225-01-800-57) നിന്നുമാണ് തുക അനുവദിക്കുന്നതെന്നും ഇതിനായി പ്രത്യേകിച്ച് തുക കോർപ്പസ് ഫണ്ടിൽ വകയിരുത്തിയിട്ടില്ലെന്നും പര്യാപ്തമായ തുക ഉള്ള പക്ഷം ധനസഹായം അനുവദിക്കുന്നുണ്ടെന്നും ഭരണ വകുപ്പായ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സമിതിയെ അറിയിച്ചു. 2017-18-ൽ ക്ഷണിച്ച വിജ്ഞാപന പ്രകാരമുള്ള അപേക്ഷകളിന്മേലുള്ള നടപടിയാണ് ഇപ്പോഴും നടക്കുന്നതെന്നും 2019-20-ൽ പര്യാപ്തമായ തുക ഉള്ളതിനാൽ പ്രസ്തുത സാമ്പത്തിക വർഷം 83 ക്ഷേത്രം/കാവുകൾക്കായി മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ ധനസഹായം അനുവദിച്ചിരുന്നെന്നും വകുപ്പ് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് കോർപ്പസ് ഫണ്ടിൽ നിന്നും തുക കണ്ടെത്താനാവാത്ത സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ തുക വകയിരുത്തേണ്ടതാണെന്ന് സമിതി കരുതുന്നു.

- കാടിനോടും കാവുകളോടും കൂടുതൽ അടുത്തിടപഴകുന്ന വിഭാഗങ്ങളാണ് പട്ടികവർഗ്ഗ വിഭാഗങ്ങളെങ്കിലും പ്രസ്തുത വിഭാഗക്കാരുടെ കാവുകൾ സംരക്ഷിക്കുന്നതിന് പദ്ധതികളൊന്നും നിലവിലില്ല എന്നാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിരിക്കുന്നത്. ആയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെയും കാവുകൾക്ക് ധനസഹായം ലഭ്യമാകുന്ന വിധത്തിൽ നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു.

- സംസ്ഥാനത്തെ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടെയും സംരക്ഷണവും പരിപാലനവും ഒരു വകുപ്പിനുകീഴിൽ ഏകോപിപ്പിക്കുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ആയതിന് കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ

പഠനം നടത്തണമെന്നും കാവുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തണമെന്നും സമിതി നിരീക്ഷിക്കുന്നു.

- സമിതി നടത്തിയ ചർച്ചകളുടെയും നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതായി സമിതിയ്ക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങൾ ശിപാർശകളായി ചുവടെ ചേർക്കുന്നു:

**ശിപാർശകൾ**

1. കാവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് 'കാവ് ' എന്ന വാക്കിന് സമഗ്രമായ നിർവ്വചനം ആവശ്യമായതിനാൽ വനം - വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികളുമായി കൂടിയാലോചിച്ച് 'കാവ് ' എന്ന വാക്കിന് സമഗ്രവും സമ്പൂർണ്ണവുമായ നിർവ്വചനം തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. കാവുകളെ വനമായി പ്രഖ്യാപിക്കാതെ വനം-വന്യജീവി നിയമ പ്രകാരമോ, ഉടമസ്ഥരുടെ സമ്മതത്തോടെയല്ലാതെ ജൈവവൈവിദ്ധ്യ നിയമ പ്രകാരമോ കാവുകളെ സംരക്ഷിക്കാനാകില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ച് പ്രസ്തുത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ കാവുകളെ സംബന്ധിച്ച് വിശദമായ കണക്കെടുപ്പും വിവരശേഖരണവും പഠനവും നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ കാവുകളുടെ സംരക്ഷണത്തിനായി ഒരു വകുപ്പിനെ പ്രത്യേകമായി ചുമതലപ്പെടുത്തണമെന്നും പ്രസ്തുത വകുപ്പിന് കീഴിൽ കാവുകളുടെയും അനുബന്ധ ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. ഏതൊരു ഭൂമിക്കും വസ്തുവിനുമെന്ന പോലെ കാവുകളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റും പട്ടയ രേഖയും കരമടച്ച രസീതും പ്രമാണവും ആണ് സ്വീകരിക്കാവുന്ന രേഖകളെന്ന് വിവിധ വകുപ്പുകൾ അറിയിച്ചിരിക്കുന്നു. എന്നാൽ പല കാവുകളും പാരമ്പര്യമായി തറവാടുകളുടെയും ട്രസ്റ്റുകളുടെയും മറ്റും കീഴിൽ വരുന്നതായും പല കാവുകളുടെയും ഉടമസ്ഥതയിൽ തർക്കം നിലനിൽക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ രേഖകൾ മാത്രം കാവുകളുടെ സംരക്ഷണത്തിന് പര്യാപ്തമല്ലെന്നതിനാൽ ഉടമസ്ഥതയിലുള്ള സങ്കീർണ്ണത ഒഴിവാക്കുന്നതിനും കാവിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും പര്യാപ്തമായ മറ്റു രേഖകൾ എന്തൊക്കെയായിരിക്കണമെന്ന്

തീരുമാനിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ വനം-വന്യജീവി, പരിസ്ഥിതി, സാംസ്കാരിക, പുരാവസ്തു, തദ്ദേശസ്വയംഭരണ വകുപ്പുകൾ ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. സംസ്ഥാനത്താകെയുള്ള കാവുകളുടെ എണ്ണം സംബന്ധിച്ച കണക്കിൽ വകുപ്പുകൾക്കിടയിൽ വ്യത്യസ്ത അഭിപ്രായം നിലനിൽക്കുന്നതിനാൽ വനം-വന്യജീവി, റവന്യൂ(ദേവസ്വം), പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ പഠനം നടത്തി ഓരോ വകുപ്പിന്റെയും കീഴിലുള്ള കാവുകളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കണമെന്നും പ്രസ്തുത റിപ്പോർട്ട് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ക്രോഡീകരിച്ച് കാവുകളുടെ എണ്ണം കൃത്യമായി കണക്കാക്കണമെന്നും വനം-വന്യജീവി വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

5. സംസ്ഥാനത്തെ മിക്ക കാവുകളും അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കാത്തതുമൂലം കൈയ്യേറപ്പെടുകയും തൻമൂലം കാവുകളിലെ ഭൂമി നഷ്ടപ്പെട്ടുപോകുന്നതായും പരിവർത്തനം ചെയ്യപ്പെടുന്നതായും സമിതി മനസ്സിലാക്കുന്നു. ഇക്കാരണത്താൽ കാവുകളുടെ ജൈവവൈവിദ്ധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിനാൽ കാവുകളിൽ നിന്നും നഷ്ടപ്പെട്ട് പോയ ഭൂമി വീണ്ടെടുത്ത് അതിർത്തികൾ കൃത്യമായി നിർണ്ണയിക്കണമെന്നും കാവുകളിൽ തദ്ദേശീയമായ സസ്യങ്ങളും വൃക്ഷങ്ങളും ഉപയോഗിച്ച് ജൈവവേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് വനം-വന്യജീവി, റവന്യൂ(ദേവസ്വം), പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. ദേവസ്വം ബോർഡുകളുടെ അധീനതയിലായിരുന്ന കാവുകളിലേതുൾപ്പെടെയുള്ള ഭൂമി റീ സർവ്വേയിലൂടെ സർക്കാർ ഭൂമിയായി തെറ്റായി ഇനം മാറ്റപ്പെട്ടതിനാൽ ദേവസ്വം ബോർഡുകൾക്ക് ഭൂനഷ്ടമുണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് ദേവസ്വം ബോർഡുകൾക്ക് കാവുകളെ സംരക്ഷിച്ച് നിലനിർത്തുന്നതിന് ഒരു വിലങ്ങുതടിയായി നിൽക്കുന്നു. ഈ സാഹചര്യത്തിൽ ദേവസ്വം ബോർഡിന്റെ കീഴിലെ ഭൂമി സർക്കാർ ഭൂമിയായി തെറ്റായി ഇനം മാറ്റപ്പെട്ടിട്ടുണ്ടോയെന്ന് പുനഃപരിശോധിച്ച് ഉണ്ടെങ്കിൽ പിഴവുകൾ തിരുത്തണമെന്ന് റവന്യൂ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

7. വനം-വന്യജീവി വകുപ്പ് നിലവിൽ കാവുസംരക്ഷണത്തിനായി പണം കണ്ടെത്തുന്നത് 'Conservation of Biodiversity' എന്ന ബജറ്റ് ശീർഷകത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നുമാണ്. എന്നാൽ ഇപ്രകാരം അനുവദിക്കുന്ന തുക മറ്റ് പല പ്രവർത്തനങ്ങൾക്കുകൂടി വിനിയോഗിക്കുന്നതിനാൽ സംസ്ഥാനത്തൊട്ടാകെയുള്ള കാവുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സാഹചര്യത്തിൽ കാവുകളുടെ സംരക്ഷണത്തിനുള്ള ധനസഹായത്തിനായി ബജറ്റിൽ ഒരു പുതിയ ശീർഷകം ഏർപ്പെടുത്തുന്നതിന് വിശദമായ

പഠനം നടത്തി ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറക്ക് പുതിയ ബജറ്റ് ശീർഷകം ആരംഭിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും ആയതിൽ വേണ്ടത്ര തുക വകയിരുത്തണമെന്ന് ധനകാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് പൂർണ്ണമായും റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. കാവുകളെ കണ്ടെത്തി ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളാക്കി പ്രഖ്യാപിക്കുന്നതിന് ജൈവവൈവിദ്ധ്യ ബോർഡിന് ശിപാർശ ചെയ്യുന്നതിനും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ (BMC) മുഖേന ലഭ്യമാകുന്ന കേന്ദ്രഫണ്ട് വിനിയോഗിച്ച് BMC-കളുടെ മേൽനോട്ടത്തിൽ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കാവുകളുടെ സംരക്ഷണത്തിന് മാത്രമായി വനം-വന്യജീവി വകുപ്പിന് കീഴിൽ ധനസഹായ പദ്ധതിയുണ്ടെന്നതൊഴിച്ചാൽ വിവിധ വകുപ്പുകൾക്ക് കീഴിൽ കാവുകളിൽ നേരിട്ടിടപെട്ട് സംരക്ഷണം നൽകുന്നതിന് സർക്കാരിന് പദ്ധതികൾ യാതൊന്നും നിലവിലില്ല. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 'ഹരിത കേരളം മിഷൻ' മുഖേന നടപ്പിലാക്കുന്ന ഏതാനും സാമൂഹ്യ വനവത്കരണ പദ്ധതികൾ മാത്രമാണ് കാവ് സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ പച്ചത്തുരുത്ത്, നക്ഷത്രവനം തുടങ്ങിയ പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തെ എല്ലാ കാവുകളും സംരക്ഷിക്കുന്നതിന് ഉതകുന്നതല്ല. ആയതിനാൽ സംസ്ഥാനത്തെ ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി കാവുകളുടെ സംരക്ഷണത്തിന് മാത്രമായി ഒരു പ്രത്യേക ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ കീഴിൽ ആവശ്യമായ തുക ലഭ്യമാക്കി ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിദഗ്ധരുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ കാവുകളുടെയും സംരക്ഷണം ഉറപ്പാക്കണമെന്ന് പരിസ്ഥിതി, വനം-വന്യജീവി വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

10. ജനവാസ മേഖലയോട് ചേർന്ന് നിലകൊള്ളുന്ന കാവുകളിലെ വൃക്ഷങ്ങളുടെ വേരുകൾ, വള്ളി പടർപ്പുകൾ എന്നിവ സമീപത്തെ വീടുകളിലേക്ക് പടരുന്ന സാഹചര്യത്തിൽ ആയവ മുറിച്ച് മാറ്റുന്നതിന് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വീട്ടുടമസ്ഥർക്ക് വേണ്ട സഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. 'വിദ്യാവനം' പോലുള്ള പദ്ധതികൾ മുഖേന സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് കാവുകളുടെ പ്രാധാന്യവും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് സംസ്ഥാന വ്യാപകമായി ബോധവൽക്കരണം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. കാവുകളുടെ സംരക്ഷണവും ആയതിന്റെ പ്രാധാന്യവും സംബന്ധിച്ച പാഠങ്ങൾ പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുന്നതുവഴി വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിന് പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ വകുപ്പുകൾ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

13. പുരാവസ്തു വകുപ്പിന് കീഴിൽ സംരക്ഷിച്ചു പോരുന്ന കൊട്ടാരങ്ങൾ പോലുള്ള ചരിത്രനിർമ്മിതികളുടെ വളപ്പിൽ സ്ഥിതിചെയ്യുന്ന കാവുകൾ സംരക്ഷിക്കുന്നതിന് ജൈവ-വൈവിദ്ധ്യ ബോർഡ്, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സാംസ്കാരിക കാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

14. കാവുകൾ സംരക്ഷിച്ചുവരുന്ന പദ്ധതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുകൂടി ലഭ്യമാകത്തക്ക വിധത്തിൽ പരിഷ്കരിക്കാനും ആയത് സംബന്ധിച്ച് അപേക്ഷകൾ സമർപ്പിക്കേണ്ടതെങ്ങനെയെന്നത് സംബന്ധിച്ച് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബോധവൽക്കരണം നൽകുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. കാവുകളിൽ കണ്ടുവരുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വൻമരങ്ങൾ അന്യംനിന്നു പോകാതെ തൈകൾ ഉൽപാദിപ്പിച്ച് സംരക്ഷിക്കുന്നതോടൊപ്പം മണ്ണൊലിപ്പും ഇത്തിൾക്കണ്ണികളുടെ പടർന്നു കയറ്റവുംമൂലം നിലവിൽ കാവുകളിൽ നിലനിൽക്കുന്ന മരങ്ങൾ കടപുഴകുന്നതിൽ നിന്നും ആയവയെ സംരക്ഷിക്കുന്നതിനും വനം-വന്യജീവി, പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. കാവുകളിൽ കണ്ടുവരുന്ന സ്വാഭാവിക ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനും തനിമ നിലനിർത്തുന്നതിനും ആയവയിൽ കാവുകൾക്ക് പുറത്തേക്ക് ഒഴുകുന്ന ഉറവകൾ, പുഴകൾ തുടങ്ങിയവ ജലസേചനത്തിന് കൂടി ഉപയോഗപ്പെടുന്ന വിധത്തിൽ പരിരക്ഷിക്കുന്നതിനും തദ്ദേശസ്വയംഭരണ, ജലവിഭവ വകുപ്പുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. കാവുകൾ സംരക്ഷിക്കുന്നവർക്ക് നൽകുന്നതിനായി ഹരിത അവാർഡുകൾ ഏർപ്പെടുത്തണമെന്നും വിവിധ ഇനങ്ങളിൽ കാവ് സംരക്ഷണത്തിന് പ്രത്യേകമായി അവാർഡ് ഏർപ്പെടുത്തി സംരക്ഷകർക്ക് പ്രോത്സാഹനം നൽകുന്നതിനും പരിസ്ഥിതി വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. കാവുകളിലേക്ക് പുറംതള്ളുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ജൈവ-അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ പ്രത്യേക പരിശീലനം ലഭിച്ച തൊഴിലാളികളെ ഉപയോഗപ്പെടുത്തി വൺ-ടൈം ക്ലീനിംഗ് പ്രോഗ്രാം നടത്തുന്നതിന് വേണ്ട നടപടികൾ പരിസ്ഥിതി, തദ്ദേശസ്വയംഭരണ വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. കാവുകൾ കേന്ദ്രീകരിച്ച് എക്കോ ടൂറിസവുമായി ബന്ധപ്പെടുത്തി, 'അരോമ ടൂറിസം' പോലെയുള്ള അനുയോജ്യമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. അന്തർദേശീയ തലത്തിൽ കണ്ടൽക്കാടുകളുടെ ദിവസമായി (International Mangrove Day) പ്രഖ്യാപിച്ചിട്ടുള്ള ജൂലൈ 26-ന് സംസ്ഥാനത്തെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് സ്കൂൾ/കോളേജ് തലങ്ങളിൽ പ്രത്യേക പരിപാടികൾ/ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകൾ/ പ്രദർശനങ്ങൾ/കാവുകളിലേയ്ക്ക് പഠന യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. നാഷണൽ ഗ്രീൻ കോർപ്സ് -ഇക്കോ ക്ലബ് പ്രോഗ്രാമിൽ ഉൾപ്പെടുന്ന സംസ്ഥാനത്തെ സ്കൂളുകൾ/കോളേജുകൾ നടത്തുന്ന പരിസ്ഥിതി സംബന്ധമായ പരിപാടികളിൽ സമീപമുള്ള കാവുകളെയും ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. കാവുകളിൽ കാണപ്പെടുന്ന അപൂർവ്വയിനം വൃക്ഷ സസ്യലതാദികളുടെ ഒരു ജീൻ ബാങ്ക് (gene bank) ഉണ്ടാക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നാശോന്മുഖമാകാൻ സാധ്യതയുള്ളവയെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. സംസ്ഥാനത്തെ കാവുകളുടെ വിസ്തൃതി, ലൊക്കേഷൻ, അവയിലുള്ള ജീവികൾ, വൃക്ഷങ്ങൾ, സസ്യലതാദികൾ, ജലസ്രോതസ്സുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കണമെന്നും പ്രസ്തുത സംവിധാനം കാവുകളുടെ വികസന-സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം
2022, മാർച്ച് 16.

ഇ. കെ. വിജയൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി.*